# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ:** lfadtvm@yahoo.in
**ഫോൺ :** 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.14/1587/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 25/10/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.14/1587/2025 തീയ്യതി: 25/10/2025

# തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ്കുമാർ ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2025 | 29-07-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-07-2025 | 29-07-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അഭിജിത്ത് ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. സജേഷ് ആർ.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. സുജേഷ് എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ജാജോ ജെ. നായർ, ഓഡിറ്റർ
ശ്രീ. ഹരികൃഷ്ണൻ ആർ., ഓഡിറ്റർ
ശ്രീ. മുഹമ്മദ് ജാഫിൻ എം.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഹരികുമാർ എസ്. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി ഗീതാകുമാരി പി.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 28-04-2024 |
| ശ്രീമതി ബെറ്റി ജെ ട്രീസ | സെക്രട്ടറി | 29-04-2024 | 23-09-2024 |
| ശ്രീമതി ഗീതാകുമാരി പി.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-09-2024 | 06-10-2024 |
| ശ്രീ. ഹരികുമാർ എസ്. | സെക്രട്ടറി | 07-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലക്ഷ്മി വി. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. ജിനു അരവിന്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 11-09-2024 |
| ശ്രീമതി പ്രമീള എസ്. | ഓവർസീയർ ഗ്രേഡ് 2 (ചാർജ്ജ്) | 12-09-2024 | 08-10-2024 |
| ശ്രീമതി ജയലക്ഷ്മി ആർ.ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 09-10-2024 | 21-01-2025 |
| ശ്രീ മിറാഷ് എ. | അസിസ്റ്റന്റ് എഞ്ചിനീയർ (ചാർജ്ജ്) | 22-01-2025 | 31-03-2025 |
| കുമാരി ശ്രീദേവി സി.എസ്. | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2024 | 13-10-2024 |
| ശ്രീമതി പ്രിനിത വി.കെ. | ഡയറിഫാം ഇൻസ്ട്രക്ടർ | 14-10-2024 | 24-02-2025 |
| ശ്രീമതി അൻസി എ.ആർ. | ഡയറിഫാം ഇൻസ്ട്രക്ടർ | 25-02-2025 | 31-03-2025 |
| ഡോ. മനോജ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി ഗീതകുമാരി പി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി ഷെറീന വൈ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 01-08-2024 |

| | | | |
|---|---|---|---|
| ശ്രീമതി വീണ ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 02-08-2024 | 31-03-2025 |
| ശ്രീമതി ഐശ്വര്യമോഹൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സർക്കിൾ-2 | 01-04-2024 | 19-10-2024 |
| ശ്രീമതി ലീന ആന്റണി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സർക്കിൾ -2 | 19-11-2024 | 31-03-2025 |
| ശ്രീമതി രഞ്ജിത | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ-1 | 01-04-2024 | 05-06-2024 |
| ശ്രീമതി ഐശ്വര്യ മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ-2 (ചാർജ്ജ് വി.ഇ.ഒ. സർക്കിൾ-1) | 06-06-2024 | 11-09-2024 |
| ശ്രീ. ദീജു എസ്.എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സർക്കിൾ-1 | 12-09-2024 | 31-03-2025 |
| ഡോ. എലിസബത്ത് ചീരാൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2024 | 31-03-2025 |
| ഡോ. സലീന | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-05-2024 |
| ഡോ. സ്മിത എസ്.ആർ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-06-2024 | 01-08-2024 |
| ഡോ. ചന്തു എസ്. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-08-2024 | 09-01-2025 |
| ഡോ. ലീന തോമസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 10-01-2025 | 31-03-2025 |
| ഡോ. ദിവ്യ ജോസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീ. ഷാജഹാൻ എ. | ഹെഡ്മാസ്റ്റർ, ഗവ. യു.പി.എസ്. കണിയാപുരം | 01-04-2024 | 31-03-2025 |
| ശ്രീ. ശ്രീനാഥ് റ്റി. | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, നോട്ട്സ് ടു അക്കൗണ്ട് എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ക്യാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സാമ്പത്തിക വർഷാവസാനത്തെ വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല | 1-1-7 |
| 9 | വിവിധ ഏജൻസികൾക്ക് മുൻകാലങ്ങളിൽ നൽകിയ ഡെപ്പോസിറ്റ് തുകയിൽ വ്യക്തതയില്ല | 1-1-8 |
| 10 | കാലഹരണപ്പെട്ട ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | വായ്പ ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമല്ല | 1-1-10 |
| 12 | ഗ്രാമപഞ്ചായത്തിന് ലഭിച്ച വിവിധ ചെക്കുകൾ നാളിതുവരെ ക്രഡിറ്റ് ആയിട്ടില്ല | 1-1-11 |
| 13 | ബാലൻസ് ഷീറ്റിലെ Sarva Siksha Abhiyan-ന്റെ നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമല്ല | 1-1-12 |
| 14 | തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പലിശ ലഭിക്കുന്നില്ല | 1-1-13 |
| 15 | വസ്തു നികതി - സഞ്ചയ പ്രകാരമുള്ള വിവരവും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | Prior Period Income And Expenditure തുകകളുടെ Net Difference കണക്കാക്കിയതിൽ അപാകം | 1-1-15 |
| 17 | പെൻഷൻ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യ പത്രികയിലെ I-6 ശീർഷകത്തിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | വാർഷിക ധനകാര്യ പത്രികയിലെ മറ്റ് അപാകങ്ങൾ | 1-1-17 |
| 19 | ബജറ്റ് - അപാകങ്ങൾ | 1-2-1 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | പദ്ധതി അവലോകനം | 1-5 |
| 25 | ക്ഷേമ പദ്ധതികൾ | 1-6 |

| | | |
|---|---|---|
| 26 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 28 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 29 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 30 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - ചട്ടങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല | 1-11 |
| 31 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല | 1-12 |
| 32 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഈടാക്കിയില്ല | 1-13 |
| 33 | ലൈവ് സ്റ്റോക്ക് ഫാമുകളുടെ രജിസ്ട്രേഷൻ - നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-14 |
| 34 | പന്നികൾക്കും പട്ടികൾക്കും ലൈസൻസ് - സ്ഥിതി വിവര കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-15 |
| 35 | വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾക്ക് ലൈൻസ് അനുവദിച്ച് നൽകൽ - അപാകതകൾ | 1-16 |
| 36 | ലൈസൻസ് ലഭിച്ച സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല | 1-17 |
| 37 | വിനോദ നികുതി ഒടുക്കു് വരുത്തൽ - സമയപരിധി പാലിച്ചിട്ടില്ല | 1-18 |
| 38 | വാടക കുടിശ്ശിക - തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 39 | അറവ് ശാലകളുടെ നിർമ്മാണം - തുടർ നടപടി കൈക്കൊള്ളേണ്ടതാണ് | 1-20 |
| 40 | കുടിശ്ശിക രജിസ്റ്റർ പരിപാലിച്ചിട്ടില്ല | 1-21 |
| 41 | പെർമിറ്റ് ഫീസ് - അധികം ഈടാക്കിയ തുക തിരികെ നൽകിയിട്ടില്ല | 1-22 |
| 42 | വസ്തു നികുതി പരിഷ്കരണം - അപാകതകൾ | 1-23 |
| 43 | എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗ്രാമസഭയുടെ സാധൂകരണം തേടിയിട്ടില്ല | 1-24-1 |
| 44 | ഗ്രാമസഭയുടെ അംഗീകാരം/സാധൂകരണം ഇല്ലാതെ ആനുകൂല്യം നൽകി | 1-24 |
| 45 | വിദ്യാർത്ഥികൾക്ക് മികവിന്റെ പിന്തുണ - ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ സാധൂകരണം ലഭിച്ചിട്ടില്ല | 1-25 |
| 46 | റിവോൾവിംഗ് ഫണ്ട് - തിരിച്ചടവ് ഉറപ്പ് വരുത്തേണ്ടതാണ് | 1-26 |
| 47 | ജലജീവൻ മിഷൻ - അവലോകനം | 1-27 |
| 48 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-28 |
| 49 | പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 8,11,172/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു | 1-29 |
| 50 | തെരുവ് വിളക്ക് മെയിന്റനൻസ് - കരാർ/ടെണ്ടർ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 2,84,348/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-30 |
| 51 | തെരുവ് വിളക്ക് മെയിന്റനൻസ് - ടെണ്ടർ അംഗീകരിച്ചതിൽ അപാകം - പഞ്ചായത്തിന് 1,99,359/- രൂപയുടെ നഷ്ടം | 1-31 |

| | | |
|---|---|---|
| | ഓഡിറ്റിൽ നിരാകരിക്കുന്നു | |
| 52 | റോഡ് നിർമ്മാണത്തിനായി മിക്സ്ഡ് സീൽ സർഫസിംഗ് എന്ന പ്രവൃത്തി ഉപയോഗപ്പെടുത്തിയില്ല | 1-32 |
| 53 | എക്സ്കവേറ്റ് ചെയ്ത മണ്ണ് ഫില്ലിംഗിനായി ഉപയോഗപ്പെടുത്തിയില്ല | 1-33 |
| 54 | കല്ലുകെട്ട് പ്രവൃത്തിക്ക് എം. ബുക്കിൽ രേഖപ്പെടുത്തിയ Bond Stone ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിച്ചത് സംബന്ധിച്ച് വ്യക്തതയില്ല | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തെരുവ് വിളക്ക് മെയിന്റനൻസ് - ടെണ്ടർ അംഗീകരിച്ചതിൽ അപാകം - പഞ്ചായത്തിന് 1,99,359/- രൂപയുടെ നഷ്ടം ഓഡിറ്റിൽ നിരാകരിക്കുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം - വിശദാംശം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **അണ്ടൂർകോണം ഗ്രാമപഞ്ചായത്ത്**ിന്റെ **2025 മാർച്ച് 31**-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.06.2025 തീയതിയിലെ 4(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 30.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **അണ്ടൂർകോണം** ഗ്രാമപഞ്ചായത്തിന്റെ (സാമ്പത്തിക വർഷം) വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 വാർഷിക അനുപാതങ്ങൾ, നോട്ട്സ് ടു അക്കൗണ്ട് എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, ചട്ടം 62-2(F) പ്രകാരമുള്ള നോട്ട്സ് ടു അക്കൗണ്ട്സ് എന്നിവ

തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 12ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 12ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ പ്രതിമാസം ഡിമാന്റ് ചെയ്തിട്ടില്ല. 2024-25 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 431100101/31.03.2025 |
| 110100102 | Property Tax On Non Residential Buildings | 431100103/31.03.2025 |
| 110200105 | Profession Tax - Traders | 431120105/31.03.2025 |

ഓഡിറ്റ് അന്വേഷണം നമ്പർ 12 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-4 സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിലെ ബി-14 ശീർഷകം പ്രകാരം സ്റ്റോക്ക് ഇൻ ഹാൻഡ് മൂല്യം പൂജ്യമായി രേഖപ്പെടുത്തിയിരിക്കുന്നു. ഓഡിറ്റ് അന്വേഷണം നം. 12ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-5 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ക്യാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase/Decrease In Cash And Cash Equivalents” പ്രകാരമുള്ള (രൂ.4,81,79,897)/- തുകയും "Net Cash Generated By Operating + Investing + Financing Activities (A+B+C)" പ്രകാരമുള്ള രൂ.5,51,31,587/- തുകയും പൊരുത്തപ്പെടുന്നില്ല. ഓഡിറ്റ് അന്വേഷണം നം. 12ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-6 സാമ്പത്തിക വർഷാവസാനത്തെ വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 28 പ്രകാരം ഓരോ വർഷാവസാനത്തിലും ചെലവ് ചെയ്ത് പണം നൽകാതിരിക്കുന്നവയ്ക്ക് വേണ്ടി പഞ്ചായത്ത് പ്രൊവിഷൻ വയ്ക്കേണ്ടതും വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്ന തീയതിക്ക് 30 ദിവസം മുമ്പുള്ള തീയതി കട്ടോഫ് തീയതിയായി കണക്കാക്കി വേണം ബില്ലുകൾക്ക് പ്രൊവിഷൻ വകയിരുത്തേണ്ടത്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 12ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-7 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ചുവടെ നൽകിയിരിക്കുന്ന രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

I. അഡ്വാൻസ് രജിസ്റ്റർ.

Ii. ലോൺ രജിസ്റ്റർ.

Iii. ഡെപ്പോസിറ്റ് രജിസ്റ്റർ.

പ്രസ്തുത രജിസ്റ്ററുകൾ പരിപാലിക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 12).

## 1-1-8 വിവിധ ഏജൻസികൾക്ക് മുൻകാലങ്ങളിൽ നൽകിയ ഡെപ്പോസിറ്റ് തുകയിൽ വ്യക്തതയില്ല

1) അഡ്വാൻസ് ശീർഷകത്തിന്റെ (ബി-18) പരിശോധനയിൽ താഴെപ്പറയുന്ന ഡെപ്പോസിറ്റ് ഏത് സ്ഥാപനത്തിനാണ് നൽകിയത് എന്ന് വ്യക്തമല്ല. സ്ഥാപനത്തിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ഹെഡ്കോഡ് | സ്ഥാപനം | വൗച്ചർ നമ്പർ/ തീയതി | തുക (രൂ.) |
|---|---|---|---|
| 460500399 | *അഡ്വാൻസ് ടു അദർ ആതറൈസ്ഡ് ഏജൻസിസ് (*ഏത് സ്ഥാപനത്തിനാണ് തുക നൽകിയതെന്ന് വ്യക്തമല്ല.) | 41900002/31.03.2021 | 7,61,600 |
| | | 41900002/05.09.2021 | 35,600 |

2) അഡ്വാൻസ് ശീർഷകത്തിന്റെ (ബി-18) പരിശോധനയിൽ നിന്നും ചുവടെ നൽകിയിരിക്കുന്ന പ്രോജക്ടുകൾക്കായി നൽകിയ തുകയ്ക്ക് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ,

| ഹെഡ്കോഡ് | സ്ഥാപനം | പ്രോജക്ട് നം. | തുക (രൂ.) |
|---|---|---|---|
| 460500201 | കേരളാ വാട്ടർ അതോറിറ്റി | Other Buildings – New Building, 231/23 | 45,725 |
| | | PIPE LINE EXTENSION IN VARIOUS WARDS, 166/23 | 8,35,000 |
| 460500202 | കേരളാ ഇലക്ട്രിസിറ്റി ബോർഡ് | Electric Line-Post Re-Arrangement, 43,92/23 | 1,99,302 |
| | | Streetlights-Line Extension For Existing Street Lights, 25/24 | 1,94,352 |
| 460500206 | അനെർട്ട് | Solar Power Generation-Establishment Of Plant, 39/24 | 4,62,000 |
| | | Non Conventional Energy (Public)-Solar Panel, 63/24 | 11,98,579 |

ഓഡിറ്റ് അന്വേഷണം നം. 12ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-9 കാലഹരണപ്പെട്ട ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ), പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് (Headcode-350800101) മാറ്റിയിട്ടില്ലായെന്ന് കാണുന്നു.
വിശദാംശം ചുവടെ -

| അക്കൗണ്ട് | ക്രമ നം. | ചെക്ക് നമ്പർ, തീയതി | തുക (രൂ.) |
|---|---|---|---|

| | | | |
|---|---|---|---|
| Central Bank Of India-Own Fund (3012297087) | 1 | 041761/20.09.2023 | 26,423 |
| | 2 | 044602/12.03.2024 | 1,673 |
| | 3 | 044710/09.07.2024 | 1,544 |
| | 4 | * /01.08.2023 | 130 |
| | 5 | 126036/01.08.2023 | 320 |

*ചെക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.
ഓഡിറ്റ് അന്വേഷണം നം. 12ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റാനുള്ള നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-1-10 വായ്പ ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമല്ല

ബാലൻസ് ഷീറ്റ് ബി-5 ശീർഷകം പ്രകാരം Secured Loan From Co-Op Banks ഇനത്തിൽ 79,860/- രൂപ 2020-21 സാമ്പത്തിക വർഷം മുതൽ പഞ്ചായത്തിന്റെ ലയബിലിറ്റി ആയി നിലനിൽക്കുന്നുണ്ട്. പ്രസ്തുത തുക ഏത് ഇനത്തിൽ നൽകാനുള്ള തുകയാണെന്ന് വ്യക്തമല്ല. ഓഡിറ്റ് അന്വേഷണം നം. 12ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക ഏത് ഇനത്തിൽ നിലനിൽക്കുന്ന തുകയാണെന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-1-11 ഗ്രാമപഞ്ചായത്തിന് ലഭിച്ച വിവിധ ചെക്കുകൾ നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല

Own Fund A/C No. 3012297087 (Central Bank Of India) അക്കൗണ്ടിന്റെ 31.03.2025ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared ഇനത്തിൽ 4,21,388/- രൂപ അവശേഷിക്കുന്നു.
വിശദാംശം ചുവടെ -

| ബാങ്ക്, അക്കൗണ്ട് നം. | ക്രമ നം. | ചെക്ക് നമ്പർ, തീയതി | തുക (രൂ.) |
|---|---|---|---|
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ 3012297087 | 1 | 16.03.2023 | 32,326 |
| | 2 | 16.03.2023 | 34,027 |
| | 3 | 25.02.2022 | 21,655 |
| | 4 | 31.08.2024 | 2,00,000 |
| | 5 | 20.02.2023 | 25,250 |
| | 6 | 25.02.2022 | 14,500 |
| | 7 | 25.02.2022 | 282 |
| | 8 | 25.02.2022 | 32 |
| | 9 | 25.02.2022 | 124 |
| | 10 | 25.02.2022 | 36 |
| | 11 | 16.03.2023 | 30,625 |

മുകളിൽ പറയുന്ന പ്രകാരം, 2022-ലെ ചെക്കുകൾ ക്ലിയർ ചെയ്യപ്പെടാതെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ നിലനിൽക്കുന്നുണ്ട്. ഈ ചെക്കുകൾ സംബന്ധിച്ച നിലവിലെ നിലയും പണം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കി മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 12). നാളിതു വരെ ക്രെഡിറ്റാകാത്ത തുകകളിൻമേൽ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-12 ബാലൻസ് ഷീറ്റിലെ Sarva Siksha Abhiyan-ന്റെ നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമല്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂൾ പ്രകാരം Sarva Siksha Abhiyan ഫണ്ടിൽ 9,196/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത തുക ഏത് അക്കൗണ്ടിലാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 12). പ്രസ്തുത ഷെഡ്യൂൾ പ്രകാരമുള്ള തുക ഏത് ബാങ്ക് അക്കൗണ്ടിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-1-13 തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പലിശ ലഭിക്കുന്നില്ല

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിലുള്ള ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലെ {CENTRAL BANK OF INDIA-OWN FUND - (3012297087)} മുന്നിരിപ്പ് തുക 5,15,68,836/- രൂപയും നീക്കിയിരിപ്പ് 12,48,869/- രൂപയും ആണ്. എന്നാൽ പ്രസ്തുത അക്കൗണ്ടിൽ നിന്നും പലിശ ഇനത്തിൽ 2024-25 വർഷത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധ തനത് ഫണ്ട് ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിന്നും തൻവർഷം 546/- രൂപ മാത്രമാണ് പലിശ ഇനത്തിൽ വരവ് ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് അന്വേഷണം നം. 42ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-14 വസ്തു നികുതി - സഞ്ചയ പ്രകാരമുള്ള വിവരവും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല

Property Tax On Residential Building, Non Residential എന്നിവയുടെ വാർഷിക ധനകാര്യപത്രികയിലെ കളക്ഷൻ, ബാലൻസ് തുകകളും സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

ഉദാഹരണം ചുവടെ -

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് (ലൈബ്രറി സെസ് ഉൾപ്പെടെ) | |
|---|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
| Property Tax On Residential Building-Current | 37,51,819 | 37,52,380 | 33,32,613 | 32,81,534 | 4,37,265 | 4,85,849 |
| Property Tax On Non Residential Building-Current | 46,13,102 | 46,13,102 | 42,51,129 | 42,73,542 | 3,70,846 | 3,54,717 |

ഓഡിറ്റ് അന്വേഷണം നം. 42ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യത്യാസത്തിന് കാരണം വിശദമാക്കേണ്ടതാണ്.

## 1-1-15 Prior Period Income And Expenditure തുകകളുടെ Net Difference കണക്കാക്കിയതിൽ അപാകം

Income & Expenditure Statement Abstract Report-ൽ Prior Period Income Rs.3,95,392/- [ I-19 ഷെഡ്യൂൾ പ്രകാരം ], Prior Period Expense Rs.5,11,397/- [ I-18 ഷെഡ്യൂൾ പ്രകാരം] എന്നിങ്ങനെയാണ്. Prior Period Items-ന്റെ Net Difference [I 19- I 18 ] = ((-)1,16,005)/- രൂപ എന്നതിന് പകരം 1,16,005/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ Gross Surplus Of Income Over Expenditure After Prior Period Items എന്നത് രൂ.6,40,161/-ന് പകരം രൂ.8,72,171/- ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം അപാകം സംഭവിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 42).

## 1-1-16 പെൻഷൻ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യ പത്രികയിലെ I-6 ശീർഷകത്തിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

പെൻഷൻ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യ പത്രികയിലെ I-6 ശീർഷകത്തിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

വിശദാംശം ചുവടെ -

| ഇനം | എ. എഫ്. എസ്. പ്രകാരമുള്ള തുക (രൂ.) | സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക (രൂ.) |
|---|---|---|
| National Old Age Pension Scheme | 3,81,37,400 | 3,81,59,600 |
| National Widow Pension Scheme | 1,72,31,400 | 1,73,67,900 |
| National Disability Pension Scheme | 51,53,400 | 51,54,000 |

ഓഡിറ്റ് അന്വേഷണം നം. 42ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-17 വാർഷിക ധനകാര്യ പത്രികയിലെ മറ്റ് അപാകങ്ങൾ

**1) 2023-24, B-7 ഷെഡ്യൂളിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ 2024-25 വർഷവും ക്രമീകരിച്ചിട്ടില്ല.**

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് (രൂ.) |
|---|---|---|
| 340100203 | Biddder's Security Deposit | 42,103 |
| 340200199 | Other Deposits | 7,05,008 |
| 340800101 | Deposit Received From Others | 32,350 |

കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്ന് വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചുവാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. മേൽപ്പറഞ്ഞ ഷെഡ്യൂളുകളിലെ തുകകൾ മുതൽക്കൂട്ടാവുന്നതാണോ എന്ന് വ്യക്തമാക്കായിട്ടില്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം അറീയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 12).

**2) ബാധ്യത ഹെഡിലെ തുകകൾ അതത് ഫണ്ടിലേക്ക് അടവാക്കുന്നില്ല**

2023-24 വർഷത്തെ ബി-9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2024-25ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് തിരികെ ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | കോഡ് | ഇനം | 2024-25 ധനകാര്യപത്രിക പ്രകാരമുള്ള തുക (രൂ.) |
|---|---|---|---|
| 1 | 350200119 | Recoveries Payable-Covid | 1,74,250 |
| 2 | 350300103 | Government And Other Dues Payable-VAT | 25,234 |

ഓഡിറ്റ് അന്വേഷണം നം. 12ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുകകളിൻമേൽ നടപടി സ്വീകരിച്ച് തിരികെ അടവാക്കേണ്ടതാണ്

## 1-2-1 ബജറ്റ് - അപാകങ്ങൾ

1) 02.12.2016ലെ ജി.ഒ(ആർ.റ്റി)നം. 3291/16/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം പാസാക്കിയ, പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(Ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം.

2. ബജറ്റ് കുറിപ്പുകൾ (Annexure - 6).

3. പെർഫോമൻസ് ബജറ്റ് (Annexure - 10).

4. ജെൻഡർ ബജറ്റ് (Annexure - 11).

പ്രസ്തുത രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിക്കുന്നില്ല (ഓഡിറ്റ് അന്വേഷണം നം. 21).

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| **അംഗീകരിച്ച തീയതി** | 08.02.2024 | 23.03.2025 |

| | | |
|---|---|---|
| **ഭരണ സമിതി തീരുമാനം** | 1/1 | 1/1 |
| **മുന്നിരിപ്പ്** | രൂ.42,44,379 | രൂ.5,54,12,149 |
| **പ്രതീക്ഷിത വരവ്** | രൂ.18,35,46,366 | രൂ.44,06,76,327 |
| **ആകെ** | രൂ.18,77,90,745 | രൂ.49,60,88,476 |
| **പ്രതീക്ഷിത ചെലവ്** | രൂ.18,30,74,535 | രൂ.43,99,30,995 |
| **നീക്കിയിരിപ്പ്** | രൂ.47,16,210 | രൂ.5,61,57,481 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | രൂ.8,32,18,199 |
| വരവ് | രൂ.6,74,30,786 |
| ആകെ | രൂ.15,06,48,985 |
| ചെലവ് | രൂ.11,56,10,683 |
| നീക്കിയിരിപ്പ് | രൂ.3,50,38,302 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം B-4 ഷെഡ്യൂളിൽ താഴെപ്പറയുന്ന തുകകൾ അവശേഷിക്കുന്നു. അവ വിനിയോഗിക്കുകയോ ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല. വിശദാംശം ചുവടെ നൽകുന്നു.

| ഹെഡ്കോഡ് | ഇനം | തുക (രൂ.) |
|---|---|---|
| 320100162 | Sarwa Siksha Abhiyaan | 9196 |
| 320100198 | Grant From Suchithwa Mission | 671683 |
| 320700102 | Contributions For Joint Venture Projects – From Municipal Corporations | 91356 |
| 320700104 | Contributions For Joint Venture Projects – From Block Panchayaths(Capital Expenditure | 1636 |
| 320700204 | Contributions For Joint Venture Projects -From Block Panchayaths(Revenue Expenditure) | 1746002 |

മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുകകളിൻമേൽ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം മേഖല അടിസ്ഥാനത്തിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പൊതുവിഭാഗം-സേവനം, പശ്ചാത്തലം, പട്ടികജാതി-സേവനം എന്നീ മേഖലകളിൽ ചെലവ് പകുതിയിയിലും കുറവായിട്ടാണ് കാണുന്നത്.

| **മേഖല** | **വിഭാഗം** | **അടങ്കൽ (രൂ.) ( മറ്റുള്ളവ ഒഴികെ)** | **ചെലവ് (രൂ.) ( മറ്റുള്ളവ ഒഴികെ)** | **ചെലവ് %** |
|---|---|---|---|---|
| **പൊതുവിഭാഗം** | *സേവനം | 8,79,27,819 | 3,39,69,646 | 38.63 |
| | പശ്ചാത്തലം | 5,56,06,260 | 2,04,64,992 | 36.8 |
| **പട്ടികജാതി** | *സേവനം | 3,32,23,248 | 99,79,225 | 30.03 |

*വായ്പ തിരിച്ചടവിന്റെ തുക ലഭ്യമാക്കിയ പട്ടികയിൽ ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.

മേൽപരാമർശിത മേഖലകളിൽ ചെലവ് കുറഞ്ഞതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3) സ.ഉ(കൈ)നം.84/2022/തസ്വഭവ., തീ. 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം പഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിത ഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി

എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5% തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പരിശോധിച്ചതിൽ നിന്നും വനിത ഘടകപദ്ധതിക്ക് വകയിരുത്തിയ തുകയുടെ ചെലവ് ശതമാനം പകുതിയിലും കുറവായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| A | B | C | D | E |
|---|---|---|---|---|
| **വിഭാഗം** | **വകയിരുത്തേണ്ട തുക (അനുബന്ധം 2 പ്രകാരം)** | ***വകയിരുത്തിയതുക (കൺസോളിഡേഷൻ റിപ്പോർട്ട് പ്രകാരം)** | ***ചെലവ് (കൺസോളിഡേഷൻ റിപ്പോർട്ട് പ്രകാരം)** | **ചെലവ് ശതമാനം** |
| വനിത | രൂ.26,71,425.00 | രൂ.29,03,105.00 | രൂ.13,26,114.00 | 46% **(D X 100)/B** |

*മറ്റുള്ളവ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശിത വിഭാഗങ്ങളുടെ പദ്ധതികളിൽ ചെലവ് കുറഞ്ഞതിന് മറുപടി ലഭ്യമാക്കിയിട്ടില്ല

4) 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2023-24 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. സ.ഉ(കൈ)നം.86/2022/Lsgd., Dated 19.4.2022 ഖണ്ഡിക 3.4.1.3(Ii) പ്രകാരം (15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന.) അടിസ്ഥാനത്തിൽ പട്ടികജാതി ഉപപദ്ധതി വിഹിതത്തിലേയും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിലേയും വിനിയോഗ ശതമാനം 80ൽ കുറവാണെങ്കിൽ മേല്പറഞ്ഞ ക്യാരി ഓവർ ആയി സർക്കാർ അനുവദിക്കുന്നത് കഴിച്ചുള്ള സംഖ്യ തൻവർഷത്തെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക (രൂ.) (ഗ്രാന്റ് സ്റ്റേറ്റ്മന്റ്മെന്റ് പ്രകാരം | ചെലവ് തുക (രൂ.) (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് തുക (രൂ.) | ചെലവ് ശതമാനം | അനുവദിക്കുന്ന ക്യാരി ഓവർ തുക (രൂ.) | ലാപ്സായ തുക (രൂ.) |
|---|---|---|---|---|---|---|
| പട്ടികജാതി ഉപപദ്ധതി | 11171356 | 7702404 | 3468952 | 68.95 | 2234271.2 | 1234680.8 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 10822000 | 7414868 | 3407132 | 68.52 | 2164400 | 1242732 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 14091000 | 7463120 | 6627880 | 52.96 | 2818200 | 3809680 |

പ്രസ്തുത ഗ്രാന്റ് തുകകൾ ലാപ്സാവാനുള്ള കാരണം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 31).

## <u>1-4 ഗ്രാന്റ് വിനിയോഗം</u>

ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് (രൂ.) | വരവ് (രൂ.) | ആകെ (രൂ.) | ചെലവ് (രൂ.) | നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,29,72,152 | 12972152 | 15720783 | (-)27,48,631 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,11,71,356 | 1,11,71,356 | 77,02,404 | 34,68,952 |
| വികസനഫണ്ട് (CFC - Tied) | 0* | 75,85,000 | 75,85,000 | 20,49,648 | 55,35,352 |
| വികസനഫണ്ട് (CFC - Untied) | 0* | 31,18,411 | 31,18,411 | 32,63,416 | (-)1,45,005 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 1,40,91,000 | 1,40,91,000 | 74,63,120 | 66,27,880 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 1,08,22,000 | 1,08,22,000 | 74,14,868 | 34,07,132 |
| CSS | 0 | 0 | 0 | 4,84,033 | (-)4,84,033 |
| SSS | 0 | 0 | 0 | 26,60,000 | (-)26,60,000 |

*ബാലൻസ് ഷീറ്റ് ബി-4 പ്രകാരം സി.എഫ്.സി ടൈഡ്, അൺടൈഡ് ഇനത്തിൽ മുൻബാക്കിയുണ്ട്

## 1-5 പദ്ധതി അവലോകനം

1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

**(എ)**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (രൂ.) (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (രൂ.) (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 0 | 1631295 | 1597295 | 97.91 |
| വെറ്റിനറി സർജൻ | 3 | 3 | 0 | 1733000 | 1429615 | 82.49 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 8 | 6 | 2 | 4446935 | 3354935 | 75.44 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 0 | 225000 | 225000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 4 | 4 | 0 | 1200000 | 1117795 | 93.15 |
| വി.ഇ.ഒ/ലേഡി വി.ഇ.ഒ. | 15 | 9 | 6 | 76571118 | 14880325 | 19.43 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 21 | 17 | 4 | 8457349 | 6138957 | 72.59 |
| സെക്രട്ടറി | 52 | 35 | 17 | 14703123 | 14227282 | 96.76 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 113 | 39 | 74 | 66605139 | 19679748 | 29.55 |
| എച്ച്. എം. | 16 | 14 | 2 | 3245000 | 1933873 | 59.59 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 0 | 1560300 | 1341955 | 86 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 8 | 3 | 4341900 | 3552231 | 81.81 |
| ഫിഷറീസ് എക്സ്റ്റൻഷൻ | 1 | 1 | 0 | 40000 | 16000 | 40 |

| | | | | | | |
|---|---|---|---|---|---|---|
| ഓഫീസർ | | | | | | |
| ആകെ | 259 | 151 | 108 | 184760159 | 69495011 | 37.61 |

**(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക (രൂ.) | ചെലവ് തുക (രൂ.) | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 17392550 | 15720783 | 90.39 |
| എസ്.സി.പി. | 14568335 | 7702404 | 52.87 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 10594390 | 5313064 | 50.15 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 16530600 | 484033 | 2.93 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 24333120 | 2660000 | 10.93 |
| തനത് ഫണ്ട് | 49499979 | 18670812 | 37.72 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 8764782 | 1985000 | 22.65 |
| ജില്ലാ പഞ്ചായത്ത് | 13025747 | 1469225 | 11.28 |
| മെയിന്റനൻസ് റോഡ് | 12222000 | 7414868 | 60.67 |
| മെയിന്റനൻസ് നോൺ റോഡ് | 15781795 | 7463120 | 47.29 |
| മറ്റുള്ളവ | 58183387 | 7404310 | 12.73 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗു.വി. ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് (ഗു.വി. ഒഴിവാക്കി) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 259 | 151 | 108 | രൂ.184760159 | രൂ.69495011 | 37.61 |

**2) വർക്കിംഗ് ഗ്രൂപ്പ്**

സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ., തീ. 19.04.2022 ഖണ്ഡിക 3.1.2-ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസന മേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് പരിശോധിച്ചതിൽ 2023 ഡിസംബർ, 2024 ജനുവരി എന്നീ മാസങ്ങളിലാണ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ചേർന്നതായി കാണുന്നത്. പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി-6) പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്ക്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി-12) പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്ട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഇപ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ വർത്തിക്കാത്തതിന് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

**3) മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

മാർഗ്ഗരേഖ 3.5.6.3 (എ) (1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. 2024-25ൽ ഇപ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

**4) Corporate Social Responsibility Fund**

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാക്കിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**5) ഗ്രാമസഭ**

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണനയും നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. കൂടാതെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭായോഗം ചേരേണ്ടതാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ, 2024-25 സാമ്പത്തിക വർഷം ജൂലായ് 2024, ജനുവരി 2025 എന്നീ മാസങ്ങളിലായി 2 തവണ മാത്രമാണ് മാത്രമാണ് ഗ്രാമസഭകൾ യോഗം ചേർന്നതായി കാണുന്നത്.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻ വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിൽ ഒരു നടപടി ഗ്രാമസഭയിൽ ഉണ്ടായില്ല എന്നുള്ളത് ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ മനസിലാകുന്നു. ഇപ്രകാരം ഗ്രാമസഭ ചേരുന്നതിലെ അപാകങ്ങൾ സംബന്ധിച്ച പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 20/ തീ.26.07.2025).

## 1-6 ക്ഷേമ പദ്ധതികൾ

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂ.) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5,69,200 | 374 |
| വിധവ പെൻഷൻ* | 1,73,67,900 | 15154 |
| വാർദ്ധക്യകാല പെൻഷൻ* | 3,81,59,600 | 32750 |
| വികലാംഗ പെൻഷൻ* | 51,54,000 | 3306 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,55,000 | 175 |

*പെൻഷന്റെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യ പത്രികയിലെ I-6 ശീർഷകത്തിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 1-1-16 കാണുക.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.07.2025ന് 3.15 PM സമയത്ത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,293/- രൂപ (പതിനെണ്ണായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഉത്തരവ് മുഖേന ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2) അക്കൗണ്ടുകൾ എല്ലാ മാസവും പരിശോധിച്ച് സെക്രട്ടറി/അക്കൗണ്ടന്റ് എന്നിവർ ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

3) വിവരാവകാശ രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിൽ എഴുതി സൂക്ഷിക്കുന്നുണ്ട്.

4) സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

5) മിനിട്ട്സുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും ജനറൽ കമ്മിറ്റി മിനിട്ട്സ് 3 ദിവസത്തിനുള്ളിൽ അംഗീകാരത്തിന് സമർപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

6) വാടക കുടിശ്ശിക തുക ഈടാക്കുന്നതിനായി യോഗ്യമായ നടപടികൾ ഉടൻ സ്വീകരിക്കേണ്ടതുണ്ട്.

7) തനത് വരുമാനം പൂർണമായും പിരിച്ചെടുക്കുന്നതിനും ലൈസൻസിംഗ്, രജിസ്ട്രേഷൻ നടപടികൾ ഊർജ്ജിതമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂ.) | വരവ് (രൂ.) | ആകെ (രൂ.) | ചെലവ് (രൂ.) | നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 2408651 | 2408651 | 2332351.1 | 76299.9 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 45502941.71 | 45502941.71 | 45502941.71 | - |
| ആകെ | 0 | 47911592.71 | 47911592.71 | 47835292.81 | 76299.9 |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24/07/2019 | 2018-19 | 24/07/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/07/2017 മുതൽ 08/03/2017 വരെ | 2011-12 മുതൽ 2015-16 വരെ | 10/04/2017 |

(അവലംബം : പ്രൊഫോർമ പ്രകാരം പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ)

## 1-11 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - ചട്ടങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല

1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം 10 പ്രകാരം ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടുകഴിഞ്ഞാൽ പ്രസ്തുത രജിസ്ട്രേഷന് അതത് സാമ്പത്തിക വർഷം അവസാനംവരെ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2023-24 വർഷം രജിസ്ട്രേഷൻ നൽകിയിരുന്ന ആക്സിസ് കോളേജ് എന്ന സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ 24-06-2024ന് പുതുക്കി നൽകിയിരിക്കുന്നു. രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിനുള്ള 50/- രൂപ ഫീസ് മാത്രമേ ഈടാക്കിയിട്ടുള്ളൂ. ചട്ടം 3 ഉപചട്ടം 3 പ്രകാരം സ്ഥലം സന്ദർശിച്ച് സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടങ്ങളുടെ സുരക്ഷിതത്വം, തറവിസ്തീർണ്ണം, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം, അപേക്ഷയിൽ പറയുന്ന മറ്റ് വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച അന്വേഷണ റിപ്പോർട്ടും കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/തീ.25-07-2025) വരും വർഷങ്ങളിൽ സാമ്പത്തിക വർഷാരംഭത്തിന് മുൻപ് നോട്ടീസ് നൽകി സമയബന്ധിതമായി പുതുക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. അപ്രകാരം സമയബന്ധിതമായി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

## 1-12 സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല

1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം 10 പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടുകഴിഞ്ഞാൽ പ്രസ്തുത രജിസ്ട്രേഷന് അതത് സാമ്പത്തിക വർഷം അവസാനംവരെ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ചട്ടം 5 പ്രകാരം രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കി നൽകിയ സ്ഥാപനങ്ങളുടെ കാര്യത്തിൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രജിസ്ട്രേഷൻ പുതുക്കിയ തീയതി |
|---|---|---|
| 1 | ഡോ. നിഷാന മർഹബ ഡെന്റൽ സെന്റർ | 09/09/2024 |
| 2 | ഡോ. ജാസ്മിൻസ് ഹോമിയോപ്പതിക് ക്ലിനിക് | 13/08/2024 |
| 3 | ഷിഫ മെഡിക്കൽ സെന്റർ | 22/07/2024 |

ഇവരിൽ നിന്നും രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസായ 50/- രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ.

ചട്ടം 8 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെട്ട ശേഷം/രജിസ്ട്രേഷൻ കാലാവധിക്ക് ശേഷം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ നടത്തിയാൽ പ്രസ്തുത സ്ഥാപനത്തിന്മേൽ 5,000/- രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും 500/- രൂപ വരെയാകാവുന്ന അധിക പിഴയും നൽകി ശിക്ഷിക്കേണ്ടതാണ്. ഇപ്രകാരം രജിസ്ട്രേഷൻ പുതുക്കി നൽകുന്നത് വരെയുള്ള കാലയളവിൽ സ്ഥാപനം പ്രവർത്തിച്ചിരുന്നുവെങ്കിൽ സ്വീകരിക്കേണ്ട നടപടിയും അനുവർത്തിച്ച് കാണുന്നില്ല.

മേൽ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/തീ.25-07-2025) വരും വർഷങ്ങളിൽ ചട്ടം അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ എല്ലാം തന്നെ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-13 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഈടാക്കിയില്ല

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.02.2019ലെ (സി.എസ്.)എ9-764/2019 നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലയെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ എത്ര റേഷൻ കടകൾ 2024-25 വർഷം പ്രവർത്തിച്ചിട്ടുണ്ടെന്നും ഇവയിൽ എത്ര റേഷൻ കടകളിൽ നിന്നും 2024-25 വർഷം ലൈസൻസ് ഈടാക്കിയിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കേണ്ടതാണെന്നുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/തീ.25-07-2025) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിശദാംശം ആവശ്യപ്പെട്ട് സിവിൽ സപ്ലൈസ് ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-14 ലൈവ് സ്റ്റോക്ക് ഫാമുകളുടെ രജിസ്ട്രേഷൻ - നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

28-07-2024ലെ സ.ഉ(ആ)നം. 40/2024/തസ്വഭവ. ഉത്തരവ് പ്രകാരം പത്ത് മൃഗങ്ങളോ അതിലധികമോ എണ്ണമുള്ള ഡയറി ഫാമുകളും 50 മൃഗങ്ങളോ അതിലധികമോ ഉള്ള ആട് ഫാമുകളും 500 പക്ഷികളോ അതിലധികമോ പരിപാലിക്കുന്ന പൗൾട്രി ഫാമുകളും ലൈസൻസ് എടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ചുവടെ പറയുന്ന എണ്ണം ഫാമുകൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം | ഇനം | ആകെ ഫാമുകളുടെ എണ്ണം | മാലിന്യ നിർമ്മാർജ്ജന സൗകര്യം ഇല്ലാത്തവ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഡയറി ഫാം | 11 | 8 |
| 2 | ആട് ഫാം | 3 | 2 |
| 3 | ഇറച്ചിക്കോഴി | 20 | 20 |

എന്നാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഒരു പൗൾട്രി ഫാമിന് മാത്രമാണ് 2024-25 വർഷം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്.

മറ്റുള്ള ഫാമുകൾ നിർദ്ദിഷ്ട എണ്ണം മൃഗങ്ങൾ/പക്ഷികളെ സൂക്ഷിച്ചിട്ടില്ല എന്ന് പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശവും അല്ലാത്തപക്ഷം ലൈസൻസ് എടുപ്പിക്കാൻ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദീകരിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/ തീ.25-07-2025) സ്റ്റാറ്റസ് റിപ്പോർട്ട് എൻട്രി ചെയ്യപ്പോഴുണ്ടായ പിഴവ് കൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നും വരും വർഷങ്ങളിൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ചട്ടം അനുശാസിക്കുന്ന പ്രകാരം തുടർനടപടികൾ രജിസ്ട്രേഷന് സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. പ്രസ്തുത നടപടിക്രമങ്ങൾ കൃത്യമായി അനുവർത്തിക്കേണ്ടതും സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

## 1-15 പന്നികൾക്കും പട്ടികൾക്കും ലൈസൻസ് - സ്ഥിതി വിവര കണക്കുകൾ പൊരുത്തപ്പെടുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. 2024-25 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 740 വളർത്തുനായകൾ ഉണ്ട് (1111-371). എന്നാൽ വളർത്തുനായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം (2024-25) ആകെ 15 വളർത്തുനായകൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ടിലെ രേഖപ്പെടുത്തൽ പ്രകാരം ലൈസൻസ് നൽകിയ തെരുവ് നായ്ക്കളുടെ എണ്ണം 12 ആണ്. മേൽ വിവരിച്ച സ്ഥിതി വിവരണ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/തീ.25-07-2025) സ്റ്റാറ്റസ് റിപ്പോർട്ടിൽ ഡേറ്റാ എൻട്രി നടത്തിയപ്പോഴുണ്ടായ പിഴവ് മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നും വരും വർഷങ്ങളിൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തുകയും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തി വളർത്തുനായകൾക്ക് ലൈൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. ഇക്കാര്യത്തിൽ കൃത്യമായ തുടർ നപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-16 വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾക്ക് ലൈൻസ് അനുവദിച്ച് നൽകൽ - അപാകതകൾ

ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**എ)** ഭൂരിഭാഗം വാർഡുകളിലും മുൻവർഷത്തിലേതിനേക്കാൾ കുറഞ്ഞ എണ്ണം വാണിജ്യ സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് അനുവദിച്ച് നൽകിയത്
ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | 2024-25 വർഷം ലൈസൻസ് അനുവദിച്ച് നൽകിയ സ്ഥാപനങ്ങൾ | 2023-24 വർഷം ലൈസൻസ് അനുവദിച്ച് നൽകിയ സ്ഥാപനങ്ങൾ |
|---|---|---|
| 1 | 9 | 13 |
| 2 | 7 | 9 |
| 3 | 29 | 36 |
| 4 | 5 | 7 |
| 5 | 32 | 41 |
| 8 | 14 | 28 |

| | | |
|---|---|---|
| 9 | 25 | 27 |
| 11 | 43 | 46 |
| 15 | 17 | 31 |
| 16 | 8 | 15 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/തീ.26-07-2025) ദേശീയ പാതയ്ക്ക് ഇരുവശവും പ്രവർത്തിച്ച് വന്നിരുന്ന വാണിജ്യ സ്ഥാപനങ്ങൾ ഒഴിപ്പിക്കുകയും കെട്ടിടങ്ങൾ പൊളിച്ചു മാറ്റുകയും ചെയ്തതിനാലാണ് 2024-25 വർഷം ലൈസൻസ് അനുവദിച്ച് നൽകിയ സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ് ഉണ്ടായതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. നിരവധി സ്ഥാപനങ്ങൾ ഈ കാലയളവിൽ പ്രവർത്തനം അവസാനിപ്പിച്ചു എന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇത് സ്ഥാപിക്കുന്ന റിപ്പോർട്ടുകളൊന്നും ലഭ്യമാക്കിയില്ല.

**ബി)** <u>അപൂർണ്ണങ്ങളായ അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകിയിരിക്കുന്നു</u>

മൂലധന നിക്ഷേപം, സ്ഥാപനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകിയിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| അപേക്ഷകന്റെ പേര് | സ്ഥാപനം | കെട്ടിട നമ്പർ |
|---|---|---|
| ശ്രീ. നിസ്സാർ എസ്. എ. | (പലചരക്ക് വ്യാപാരം) | XII/6, 7 |
| ശ്രീമതി ബുഷ്റ എൽ. | ഫോട്ടോസ്റ്റാറ്റ്, ലാമിനേഷൻ | VIII/243 A |
| ശ്രീ. അബ്ദുൾ അസീസ് എം. | ബുക്ക് സ്റ്റാൾ | XV/306 |
| ശ്രീ. നജീബ് | മിഠായി വ്യാപാരം | XVIII/22 |
| അബ്ദുൾ സലാം | ചില്ലറ പലചരക്ക് വ്യാപാരം | V/204 |
| ശ്രീ. സെയ്ത് ഷഫീഖ് ബാഫക്കി | മൊബൈൽ ഷോപ്പ് വ്യാപാരം | Iii/337 B |
| ശ്രീ. രജീന ബീവി | ജൈവകൃഷിക്കാവശ്യമായ സാധനങ്ങൾ | Iii/337 A, 337 C |
| ശ്രീ. ഷെറിൻ സവാദ് | ബ്യൂട്ടി പാർലർ | X/246 A |
| ശ്രീ. നാസിമുദ്ദീൻ | പലചരക്ക് വ്യാപാരം | VI/134, 135 |
| ശ്രീ. സൈനുദ്ദീൻ | ഗ്രോസറി വിൽപ്പന | XI/102 |
| ശ്രീ. വിക്രമൻ നായർ | വിജി സൂപ്പർമാർക്കറ്റ് | XV/372 |
| ശ്രീ. നാസറുദ്ദീൻ | പലവ്യഞ്ജന വ്യാപാരം | V/174,177 |
| ശ്രീ. യൂസഫ് പി. കെ. | മേശ, കസേര എന്നിവയുടെ വിൽപ്പന | XV/545 |

മൂലധനം, തൊഴിലെടുക്കുന്നവരുടെ എണ്ണം എന്നിവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ എങ്ങനെയാണ് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ നിർണ്ണയിച്ചതെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/തീ.26-07-2025) പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയവയാണെന്ന് മറുപടി നൽകി. പ്രസ്തുത മറുപടി പരിഗണനാർഹമല്ല.

വരും വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പൂർണ്ണമായ വിവരങ്ങൾ നൽകിയ അപേക്ഷകളിന്മേൽ മാത്രം ലൈസൻസ് അനുവദിച്ച് നൽകുന്ന നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 ലൈസൻസ് ലഭിച്ച സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല

സഞ്ചയ സോഫ്റ്റ് വെയറിന്റെ പരിശോധനയിൽ 2024-25 വരെ ചുവടെ പറയുന്ന എണ്ണം വാണിജ്യ കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്.

| കെട്ടിടത്തിന്റെ തരം | കെട്ടിടത്തിന്റെ എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിൽ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ | 1998 |
| വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ | 94 |
| വാണിജ്യാവശ്യത്തിനുള്ള 200ചതുരശ്ര മീറ്ററിൽ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ | 15 |
| വാണിജ്യാവശ്യത്തിനുള്ള 200 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ | 43 |
| ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യൂവൽ ഷോപ്പുകൾ | 11 |
| അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ | 51 |
| **ആകെ** | **2212** |

എന്നാൽ 2024-25 വർഷം ലൈസൻസ് ലഭിച്ച വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം 389 ആണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/തീ.25-07-2025) ദേശീയ പാത നവീകരണവുമായി ബന്ധപ്പെട്ട് പള്ളിപ്പുറം മുതൽ വെട്ടുറോഡ് വരെ റോഡിന് ഇരുവശത്തുമായി പ്രവർത്തിച്ച് വന്നിരുന്ന കെട്ടിടങ്ങൾ ഭൂരിഭാഗവും വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നവയാണെന്നും ഒന്നിലധികം കെട്ടിടങ്ങൾ ഒരേ സ്ഥാപനം കൈവശം വച്ചിരുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. വരും വർഷങ്ങളിൽ ലൈസൻസ് സമയബന്ധതമായി പുതുക്കുന്നതിനുള്ള നടപടി സ്വകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. പൊളിച്ച് നീക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

## 1-18 വിനോദ നികുതി ഒടുക്കു് വരുത്തൽ - സമയപരിധി പാലിച്ചിട്ടില്ല

സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ., തീ. 31-08-2019 പ്രകാരം സിനിമ ടിക്കറ്റിന്മേൽ 10% വിനോദനികുതി ഏർപ്പെത്താവുന്നതാണെന്നതാണെന്ന വ്യവസ്ഥ ഭേദഗതി വരുത്തുകയും, 100/- രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100/- രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്ക് പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ജി.എസ്.ടി. ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി, തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിൽ, വിനോദനികുതി ഇനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹരിശ്രീ എന്ന തിയേറ്റിൽ നിന്നും ഒരു പ്രാവശ്യം പോലും ഇപ്രകാരം മൂന്നാം തീയതിക്ക് മുമ്പ് ഒടുക്ക് വരുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയ തീയതി |
|---|---|
| 01-12-2024 മുതൽ 31-12-2024 വരെ | 15-01-2025 |
| 01-01-2025 മുതൽ 31-01-2025 വരെ | 15-02-2025 |
| 01-02-2025 മുതൽ 28-02-2025 വരെ | 22-03-2025 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/തീ.25-07-2025) വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതും ചട്ടം അനുശാസിക്കും പ്രകാരം മൂന്നാം തീയതിക്ക് മുമ്പ് തന്നെ വിനോദ നികുതി ഒടുക്ക് വരുത്താനുള്ള തുടർ നടപടികൾ കൈക്കൊള്ളുന്നതാണെന്നും സെക്രട്ടറി മറുപടി

ലഭ്യമാക്കി. തിയേറ്റർ അധികൃതർ മൂന്നാം തീയതിക്ക് മുമ്പ് തന്നെ വിനോദ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19 വാടക കുടിശ്ശിക - തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രികയിൽ ബാലൻസി ഷീറ്റിലെ (B-15 ഷെഡ്യൂളിലെ) രേഖപ്പെടുത്തൽ പ്രകാരം ചുവടപ്പെറയും പ്രകാരമുള്ള തുക വാടക കുടിശ്ശിക ഇനത്തിൽ നിലനിൽക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് നമ്പർ | ഇനം | കുടിശ്ശിക തുക |
|---|---|---|
| 431400102 | Rent Receivables From Buildings (Arrear) | രൂ.76,299.00 |

പ്രസ്തുത തുക കുടിശ്ശിക വരാനുണ്ടായ കാരണവും തുകകൾ ഈടാക്കാൻ സ്വീകരിച്ച നടപടികളും Arrear തുക (431400102) ഏത് വർഷം മുതൽ കുടിശ്ശിക ആയി നിലനിൽക്കുന്നു എന്നും വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/ തീ.26-07-2025) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശികയുടെ വിശദാംശവും ആയത് ഈടാക്കാൻ സ്വീകരിച്ച നടപടികളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 അറവ് ശാലകളുടെ നിർമ്മാണം - തുടർ നടപടി കൈക്കൊള്ളേണ്ടതാണ്

17.09.2009-ലെ 1173/ഡി.ബി.2/09/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനികവും ശാസ്ത്രീയവുമായ അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഖണ്ഡിക 8) പഞ്ചായത്ത് രാജ് നിയമ പ്രകാരം മൃഗങ്ങളുടെ കശാപ്പ്, വില്പന എന്നിവ നിയന്ത്രിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളൂവെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 12-08-2009 ലെ WPC(No) 13805 Of 2004, 37093 Of 2004, 7000 Of 2005 എന്നീ വിധിന്യായങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അറവുശാലകൾ സ്ഥാപിക്കാൻ നടപടിയെടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ അറവുശാല സ്ഥാപിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24) പ്രസ്തുത വിഷയം അജണ്ട ആയി അടുത്ത ഭരണ സമിതി യോഗത്തിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 കുടിശ്ശിക രജിസ്റ്റർ പരിപാലിച്ചിട്ടില്ല

സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് 01-06-2022ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമൊരു രജിസ്റ്റർ 2024-25 വർഷം ഗ്രാമപഞ്ചായത്തിൽ പരിപാലിച്ചിട്ടുണ്ടോ ? 2024-25 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം (B-15) ചുവടെ പരാമർശിക്കുന്ന തുകകൾ 2024-25 വർഷം കുടിശ്ശികയുണ്ട്.

| ക്രമ നം. | ഇനം | കുടിശ്ശിക (രൂ.) |
|---|---|---|
| 431100101 | Receivables For Property Tax On Residential Buildings (Current) | 437265 |
| 431100102 | Receivables For Property Tax On Residentail Buildings (Arrears) | 92916 |
| 431100103 | Receivables For Property Tax On Non Residential Buildigns (Current) | 370846 |

| | | |
|---|---|---|
| 541100104 | Receivables For Property Tax On Non Residental Buildings (Arrears) | 379354 |
| 431400101 | Rent Receivables From Buildings (Current) | 44982 |
| 431400102 | Rent Receivables Form Buildigns (Arrears) | 843326 |
| 431400106 | Rent Receivables From Market Receipts (Arrears) | 843326 |

കേരള പഞ്ചായത്ത്‌രാജ് നിയമം, 1994 വകുപ്പ് 243 (1) പ്രകാരം കിട്ടാനുള്ള നികുതി, മറ്റ് സംഖ്യകൾ പിരിച്ചെടുക്കുന്നതിനുള്ള കാലയളവ് 3 വർഷമാണ്. ടി കാലയളവിനുള്ളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാത്തപക്ഷം പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകുമെന്നതിനാൽ തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ അടിയന്തിര പ്രാധാന്യം നൽകി തയ്യാറാക്കി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്ത് ബാദ്ധ്യസ്ഥമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/തീ.28-07-2025) കെ-സ്മാർട്ടിൽ നിലവിൽ ഡി.സി.ബി. എടുക്കുന്നതിന് ഓപ്ഷൻ ഇല്ലെന്നും ഓപ്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് രജിസ്റ്റർ പരിപാലിക്കുന്നതാണെന്നും മറുപടി നൽകി. കുടിശ്ശിക രജിസ്റ്റർ അടിയന്തിരമായി എഴുതി സൂക്ഷിക്കേണ്ടതും കുടിശ്ശിക ഈടാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-22 പെർമിറ്റ് ഫീസ് - അധികം ഈടാക്കിയ തുക തിരികെ നൽകിയിട്ടില്ല

30.07.2024ലെ സ.ഉ.(കൈ)നം. 97/2024/LSGD ഉത്തരവ് ഖ.7.7 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരമാവധി നേരത്തേ എന്നാൽ 2025 മാർച്ച് 31-ന് മുമ്പായി അധികമായി ഈടാക്കിയ പെർമിറ്റ് ഫീസും അപേക്ഷ ഫീസും തിരികെ നൽകേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

പെർമിറ്റ് ഫീസ് റീഫണ്ട് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും (പ്രസ്തുത രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ കൃത്യമായ ഇടവേളകളിൽ മേൽ പരിശോധന നടത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.) ചുവടെ ചേർത്തിട്ടുള്ള അപേക്ഷകന് ഈടാക്കിയ പെർമിറ്റ് ഫീസും അപേക്ഷ ഫീസും തിരികെ നൽകിയിട്ടില്ല.

| ക്രമ നം. | അപേക്ഷകർ | പെർമിറ്റ് അപേക്ഷ നം. | റീഫണ്ട് അപേക്ഷ നം. | റീഫണ്ട് ചെയ്യേണ്ട തുക |
|---|---|---|---|---|
| 1 | ശ്രീ. മുബാറക്ക് നിയാസ് മൻസിൽ | A3-3153/2024 തീ. 03-06-2024 | A3/2162/തീ. 19-03-2025 | രൂ.7,562.00 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/തീ.29-07-2025) ടിയാന് എത്രയും പെട്ടെന്ന് തുക റീഫണ്ട് ചെയ്യാനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. അപ്രകാരം ചെയ്യേണ്ടതും റീഫണ്ട് രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/തീ.29-07-2025) ടിയാന് എത്രയും പെട്ടെന്ന് തുക റീഫണ്ട് ചെയ്യാനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/തീ.29-07-2025) ടിയാന് എത്രയും പെട്ടെന്ന് തുക റീഫണ്ട് ചെയ്യാനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി.

## 1-23 വസ്തു നികുതി പരിഷ്കരണം - അപാകതകൾ

സ.ഉ(കൈ)നം. 77/2023/LSGD/തീ. 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി നിരക്കിൽ വർഷം തോറും 5% വർദ്ധനവ് വരുത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 01.04.2023-ന് ശേഷം വസ്തു നികുതി നിർണയിച്ച വിവിധ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഉദാഹരണമായി ഗ്രാമപഞ്ചായത്തിൽ 01.04.2023 മുതൽ നികുതി നിർണയിക്കുന്ന 300 മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 6/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 1-ലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ 2023 ഒന്നാം

അർദ്ധ വർഷം മുതൽ നികുതി നിർണയിച്ച എല്ലാ കെട്ടിടങ്ങൾക്കും കെട്ടിടങ്ങൾക്ക് പ്രസ്തുത നിരക്കുകൾ ഈടാക്കിയിട്ടില്ല. 2024-25 വർഷം പ്രസ്തുത നിരക്കിന്മേൽ 5% വർദ്ധനവ് വരുത്തിയിട്ടുമില്ല.
ഉദാഹരണം ചുവടെ ചേർക്കുന്നു-

| കെട്ടിട നം. | വിസ്തീർണ്ണം | ഉപയോഗം | ഈടാക്കിയ നിരക്ക് | ഈടാക്കേണ്ട നിരക്ക് | Signed Date |
|---|---|---|---|---|---|
| 1/278 A | താഴത്തെ നില - 111.93<br>ഒന്നാം നില – 82.92 | പാർപ്പിടം | 5 | 6 | 05-05-2023 |

മേൽ ഉത്തരവിലെ നിർദേശങ്ങൾക്കനുസൃതമായി നികുതി പരിഷ്കരണം പൂർത്തിയാക്കിയതിന്റെയും ഫീൽഡ് പരിശോധന നടത്തിയതിന്റെയും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡിമാന്റ് പരിഷ്കരിച്ചതിന്റെയും 10% കെട്ടിടങ്ങൾ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തിയതിന്റെയും ഡാറ്റ പ്യൂരിഫിക്കേഷൻ നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/തീ.28-07-2025) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ചിരിക്കുന്ന അപാകതകളിന്മേൽ വിശദീരണം ലഭ്യമാക്കേണ്ടതും വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

## 1-24-1 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗ്രാമസഭയുടെ സാധൂകരണം തേടിയിട്ടില്ല

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | 43/25 | | |
| പ്രോജക്ടിന്റെ പേര് | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – എസ്. സി. | | |
| അടങ്കൽ | രൂ.1598130 | വികസന ഫണ്ട് - എസ്.സി.പി | |
| | രൂ.401870 | തനത് ഫണ്ട് | |
| | **രൂ.2000000** | **ആകെ** | |
| ചെലവ് | രൂ.1598130 | വികസന ഫണ്ട് - എസ്.സി.പി. | |
| | രൂ.346870 | തനത് ഫണ്ട് | |
| | **രൂ.1945000** | **ആകെ** | |
| ബിൽ നമ്പർ/തുക/ തീയതി | രൂ.125000 | 111/05-11-2024 | വികസന ഫണ്ട് - ജനറൽ |
| | രൂ.265000 | 105/05-11-2024 | |
| | രൂ.435000 | 160/04-12-2022 | |
| | രൂ.535000 | 183/18-12-2024 | |
| | രൂ.238130 | 287/07-02-2025 | |
| | രൂ.136870 | 288/07-02-2025 | തനത് ഫണ്ട് |
| | രൂ.170000 | 324/21-02-2025 | |
| | രൂ.15000 | 325/21-02-2025 | |
| | രൂ.25000 | 491/26-03-2025 | |
| | **രൂ.1945000** | **ആകെ** | |

അണ്ടൂർകോണം ഗ്രാമപഞ്ചായത്ത് പരിധിയിലെ എസ്. സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനത്തിന് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സർക്കാർ മാനദണ്ഡപ്രകാരം സ്കോളർഷിപ്പ് നൽകുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ/സാമ്പത്തിക പരിരക്ഷ ഉറപ്പാക്കൽ ആണ്

ഇതിലൂടെ ലക്ഷ്യമിട്ടിരുന്നത്. 15-02-2025ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിലെ 4(1), 11-03-2025ലെ 1(6) എന്നീ തീരുമാനങ്ങൾ പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാതിരുന്ന വിദ്യാർത്ഥകൾക്ക് ആനുകൂല്യം നൽകാനും അവരുടെ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭയിൽ വച്ച് സാധൂകരണം തേടാനും തീരുമാനിച്ചു. ഇതിൻ പ്രകാരം ചുവടെപ്പറയുന്ന വിദ്യാർത്ഥികൾക്ക് ബിൽ നമ്പർ 324/തീ.21-02-2025, 491/തീ.26-03-2025 എന്നിവ പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | അനുവദിച്ച് നൽകിയ തുക |
|---|---|---|
| 1 | ഐശ്വര്യ ബി. | രൂ.20,000/- |
| 2 | അപർണ്ണ സുരേഷ് | രൂ.20,000/- |
| 3 | ഷാൻ ബി. ശ്യാം | രൂ.20,000/- |
| 4 | ആശിഷ് ബിനു | രൂ.20,000/- |
| 5 | അമൃത ബി. | രൂ.15,000/- |
| 6 | ഗ്രീഷ്മ ഗിരീശൻ | രൂ.15,000/- |
| 7 | സാന്ത്വന കൃഷ്ണ | രൂ.25,000/- |

എന്നാൽ 05/2025ൽ ചേർന്ന ഗ്രാമസഭകളിൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് സാധൂകരണം നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/തീ.21-07-2025) 05/2025ൽ ചേർന്ന ഗ്രാമസഭയിൽ വച്ച് സാധൂകരണം തേടാൻ സാധിച്ചില്ലെന്നും ഇനി ചേരുന്ന ഗ്രാമസഭയിൽ വച്ച് സാധൂകരണം തേടുന്നതാണെന്നും നിർവ്വഹണണോദ്യോഗസ്ഥയായ അസി. സെക്രട്ടറി മറുപടി നൽകി. അപ്രകാരം സാധൂകരണം തേടേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 ഗ്രാമസഭയുടെ അംഗീകാരം/സാധൂകരണം ഇല്ലാതെ ആനുകൂല്യം നൽകി

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 എ(സി) പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡം അനുസരിച്ച് മുൻഗണന ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമായി തയ്യാറാക്കി ഗ്രാമപഞ്ചാത്തിന് നൽകുന്നത് ഗ്രാമസഭയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സെക്ഷൻ 3A(9) പ്രകാരം ഗ്രാമസഭ അംഗീകരിക്കുന്ന ലിസ്റ്റിന്മേൽ മുൻഗണന മാറ്റം വരുത്താൻ പാടില്ലാത്തതാണ്. സ.ഉ(കൈ)നം. 84/2022/തസ്വഭവ., തീ. 19-04-2022ലെ ഖണ്ഡിക 12.3-ലെ നിർദ്ദേശ പ്രകാരം ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഒഴിവായിപ്പോയ അർഹരെ കൂട്ടിച്ചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കണം. എന്നാൽ അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ചുവടെ പരാമർശിക്കുന്ന പ്രോജക്ടുകളിൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

## 1-25 വിദ്യാർത്ഥികൾക്ക് മികവിന്റെ പിന്തുണ - ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ സാധൂകരണം ലഭിച്ചിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 45/24-25 | |
| പ്രോജക്ടിന്റെ പേര് | കുട്ടികൾക്ക് മികവിന്റെ പിന്തുണ - എസ്. സി. | |
| അടങ്കൽ | രൂ.50,000/- | |
| ചെലവ് | രൂ.48,900/- | |
| ഫണ്ടിനം | വികസന ഫണ്ട് - എസ്. സി. | |
| ബിൽ നമ്പർ/തീയതി/ തുക | രൂ.38,600/- | 315/20-02-2025 |
| | രൂ.10,300/- | 403/17-03-2025 |

കലാ-കായിക രംഗങ്ങളിൽ മികവ് പുലർത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പ്രോജക്ടാണ്. കലാ-കായിക രംഗങ്ങളിൽ മികവ് പുലർത്തുന്നവരെ കണ്ടെത്തുന്നതിനും സർഗ്ഗാത്മക വാസനകളെ പരിപോഷിപ്പിക്കലും ലക്ഷ്യമിടുന്നു. 23-01-2025ലെ 5(1) നമ്പർ തീരുമാനപ്രകാരം പ്രോജക്ടിൽ നിന്നും ആനുകൂല്യം നൽകാൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതിരുന്ന വിദ്യാർത്ഥികളുടെ വിശദാംശം അഡീഷണൽ ലിസ്റ്റ് ആക്കി നൽകുവാനും ഇപ്രകാരം

ആനുകൂല്യം നൽകുന്ന നടപടി തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭയിൽ വച്ച് സാധൂകരണം നൽകാനും തീരുമാനമെടുത്തു. എന്നാൽ 05/2025ൽ ചേർന്ന ഗ്രാമസഭ യോഗങ്ങളിൽ വച്ച് ഇപ്രകാരം ആനുകൂല്യം നൽകിയ നടപടിക്ക് സാധൂകരണം നൽകിയിട്ടില്ലെന്ന് കാണുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/തീ.21-07-2025) ഇനി നടക്കുന്ന ഗ്രാമസഭയിൽ വച്ച് സാധൂകരണം തേടുന്നതാണെന്ന് മറുപടി നൽകി. അപ്രകാരം സാധൂകരണം തേടേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 റിവോൾവിംഗ് ഫണ്ട് - തിരിച്ചടവ് ഉറപ്പ് വരുത്തേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 64/24-25 |
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ | രൂ.1,00,000/- |
| ചെലവ് | രൂ.1,00,000/- |
| ഫണ്ടിനം | വികസന ഫണ്ട് - ജനറൽ |
| ബിൽ നമ്പർ | 257/25.01.2025 |
| നിർവ്വഹണം | അസി.സെക്രട്ടറി |

കുടുംബശ്രീ തൊഴിൽ ഗ്രൂപ്പുകൾക്ക് വ്യക്തമായ വായ്പാധിഷ്ഠിത തൊഴിൽ സംരംഭ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. 22-01-2025ലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 5-ാം നമ്പർ തീരുമാനം, 23-01-2025ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 6(1) നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ കൈരളി എം. ഇ. യൂണിറ്റ് എന്ന സ്ഥാപനത്തിന് ടി പദ്ധതി പ്രകാരം റിവോൾവിംഗ് ഫണ്ട് അനുവദിക്കാൻ തീരുമാനമെടുത്തു. ഇതിൻപ്രകാരം ടി യൂണിറ്റിന്റെ അക്കൗണ്ടിലേക്ക് മേൽ പരാമർശിക്കും പ്രകാരം റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് അസി. സെക്രട്ടറിയും കുടുംബശ്രീ മെമ്പർ സെക്രട്ടറിയും നമ്പർ ചമച്ച കരാർ പ്രകാരം (കരാർ നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല) രൂ.1,00,000/- രൂപ 24 തുല്യ ഗഡുക്കളായി തിരികെ ഒടുക്ക് വരുത്തേണ്ടതും എല്ലാ മാസവും പത്താം തീയതിക്ക് മുമ്പ് നിശ്ചയിച്ച ഗഡു തുക സെന്ട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, കണിയാപുരം ബ്രാഞ്ചിൽ അടവാക്കിയ ശേഷം വിവരം മെമ്പർ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/തീ.21-07-2025) ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ 4,600/- രൂപ വീതം തിരിച്ചടവ് വന്നിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥയായ അസി. സെക്രട്ടറി മറുപടി ലഭ്യമാക്കി. ബാക്കിയുള്ള തുകകളുടെ റീഫണ്ടും ഉറപ്പ് വരുത്തേണ്ടതും തുക മറ്റ് ഗ്രൂപ്പുകൾക്കായി പുനരുപയോഗിക്കേണ്ടതുമാണ്.

## 1-27 ജലജീവൻ മിഷൻ - അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024-ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 05.07.2021ലെ 533/2020/Dpo/തിരു./ജെ.ജെ.എം. നമ്പർ കുറിപ്പിൽ വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത കുറിപ്പ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

. കേന്ദ്ര സംസ്ഥാന വിഹിതം - 50:50
. സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം – 15%
. ഗുണഭോക്തൃവിഹിതം – 10%

2021-22 സാമ്പത്തിക വർഷത്തിൽ 1,83,7115/- രൂപ വാട്ടർ അതോറിറ്റിക്ക് സ്ഥാപന വിഹിതമായി നൽകിയിട്ടുണ്ട്. 2022-23 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ സ്ഥാപന വിഹിതവും, 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഗുണഭോക്തൃ വിഹിതവും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. ജലജീവൻ മിഷൻ ഗുണഭോക്തൃ വിഹിതമായി പഞ്ചായത്തിന് നാളിതു വരെ തുകയൊന്നും ലഭ്യമായിട്ടില്ല. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിന് വാട്ടർ അതോറിറ്റിയിൽ നിന്നും

തുകയൊന്നും തന്നെ ലഭ്യമായിട്ടില്ല. ജലജീവൻ മിഷൻ പദ്ധതിയ്ക്കായി തൻവർഷം ഫണ്ട് വകയിരുത്തിയിട്ടില്ല.

## 1-28 ഹെൽത്ത് ഗ്രാന്റ് അവലോകനം

G.O.(Rt)No. 2132/2022/LSGD ഉത്തരവ് പ്രകാരം 5 സ്കീമുകൾ പ്രതിപാദിച്ചിട്ടുള്ളതിൽ മൂന്നു സ്കീമുകളാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ ബാധകമായത്. ഗ്രാമപഞ്ചായത്തിൽ ഓരോ ഗ്രാന്റിനും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഇതിൽ മൂന്ന് സ്കീമുകൾക്കായാണ് ഗ്രാമപഞ്ചായത്തിൽ തുക ലഭിച്ചത്. പഞ്ചായത്തിൽ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വരവും ചെലവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.
*(ഓഡിറ്റ് എൻക്വയറി നം. 3 /2025, തീയതി : 21.7.2025ന് ലഭ്യമാക്കിയ മറുപടിയും അനുബന്ധ രേഖകളും ആധാരമാക്കി തയ്യാറാക്കിയത്)*

**1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം തിരിച്ച്)**

| വർഷം | ആകെ |
|---|---|
| 2021-22 | 0 |
| 2022-23 | രൂ.5,47,386.00 |
| 2023-24 | രൂ.42,09,000.00 |
| 2024-25 | രൂ.10,92,000.00 |

**2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)**

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | 0 | 0 | 0 | 0 |
| 2022-23 | 0 | രൂ.3,46,464.00 | രൂ.2,00,922.00 | രൂ.5,47,386.00 |
| 2023-24 | 0 | രൂ.3,24,120.00 | രൂ.1,55,019.00 | രൂ.4,79,139.00 |
| 2024-25 | 0 | രൂ.6,90,880.00 | രൂ.2,63,981.00 | രൂ.9,54,861.00 |

**3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)**

| | |
|---|---|
| സ്കീം - 1 | രൂ.29,00,597/- |
| സ്കീം - 3 | രൂ.4,64,449/- |
| സ്കീം - 4 | രൂ.6,84,946/- |

**4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം**

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക (രൂ.) |
|---|---|---|
| 2022-23 | ഹെൽത്ത് സെന്ററുകളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 346464 |
| | കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രോഗ്രാമം | 200922 |
| 2023-24 | ഹെൽത്ത് സെന്ററുകളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 324120 |
| | കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ ഹെൽത്ത് ആന്റ് വെൽനസ് പ്രോഗ്രാം | 155019 |
| 2024-25 | ഹെൽത്ത് സെന്ററുകളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 690880 |
| | കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ ഹെൽത്ത് ആന്റ് വെൽനസ് പ്രോഗ്രാം | 26381 |

**5) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചിട്ടില്ല**

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിക്കാനായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി ഹെൽത്ത് ഗ്രാന്റിനത്തിൽ ഓരോ വർഷവും ലഭ്യമാകുന്ന ഫണ്ടുകൾക്ക് അനുസൃതമായി പദ്ധതികൾ രൂപീകരിച്ച് ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 8,11,172/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 90/25 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ തുക | രൂ.8,21,600/- |
| ചെലവ് തുക | രൂ.8,11,172/- |
| ബിൽ നം./തീയതി/തുക | 407/19.03.2025 - രൂ.3,20,053/-<br>496/26.03.2025 - രൂ.4,41,919/-<br>503/28.03.2025 - രൂ.49,200/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ചുവടെ ചേർത്തിരിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി., അണ്ടൂർകോണം ഡിവിഷന് 8,11,172/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 36/തീ.30.07.2025ന് പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി.-യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയക്ക് ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ഈ ചെലവുകളുടെ ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക 8,11,172/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ഈ ചെലവിന്റെ ധനവിനിയോഗ സാക്ഷ്യപത്രം പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 തെരുവ് വിളക്ക് മെയിന്റനൻസ് - കരാർ/ടെണ്ടർ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 2,84,348/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 212/25 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് മെയിന്റനൻസ് |
| അടങ്കൽ തുക | രൂ.2,84,350/- (തനത് ഫണ്ട്) |
| ചെലവ് തുക | രൂ.2,84,348/- |
| ബിൽ നം./തീയതി/ തുക | 75/04.10.2024 – രൂ.2,84,348/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത സ്പിൽ ഓവർ പദ്ധതിയുടെ കരാറുകാരനായ അജേഷ് ആർ., കേശവപുരം, കിളിമാനൂർ എന്ന വ്യക്തിക്ക് 2,84,348/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ടിയാന് കരാർ അനുവദിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കരാർ അനുവദിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം. 37/തീ.30.07.2025

നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കരാർ സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ മുൻവർഷം അനുവദിച്ച തുക, കരാർ കാലാവധി എന്നിവ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഈ പദ്ധതിയുടെ ചെലവ് തുക 2,84,348/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ടെണ്ടർ രേഖകൾ/കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

